(2) വൈദ്യുതി ലൈനുകൾ പൊട്ടിവീഴുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാന്യനായ ആര്യാടൻ മുഹമ്മദ് വൈദ്യുതി വകുപ്പിന്റെ ചാർജ് ഏറ്റെടുത്തതിനുശേഷം കോട്ടയം ജില്ലയെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഒരു കൊലയാളിയുടെ സ്വഭാവത്തോടുകൂടി പോകുന്നുവെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഒന്നര മാസം കൊണ്ട് പത്ത് മനുഷ്യജീവനാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഇലക്ട്രിസിറ്റി ബോർഡ് കാർന്നുതിന്നിരിക്കുന്നത്. ഇന്നലെ കോട്ടയം ജില്ലയിലെ ചെമ്മനംപടി വാമനപുരം മുടിയൂർക്കര വാവല്ലൂർ വീട്ടിൽ സെയ്ദ് മുഹമ്മദിന്റെ ഭാര്യ സൗദാ ബീവി, 47 വയസ്സ്, മേൽപ്പടി സൗദാ ബീവിയുടെ സഹോദരന്റെ മകൻ മുഹമ്മദ് ഷാഫി, 9 വയസ്സ് എന്നിവർ മരിക്കാനിടയായി. ഇന്നലത്തെ മരണത്തിന് ഒരു പ്രത്യേകതയുണ്ട്. സൗദാ ബീവിയുടെ വീടിന് പുറകെയുള്ള വൈദ്യുതി ലൈൻ പൊട്ടിവീണെന്ന് മിനിഞ്ഞാന്ന് ഇലക്ട്രിസിറ്റി ബോർഡ് സെക്ഷൻ ഓഫീസറെ അറിയിച്ചു. മിനിഞ്ഞാന്ന് രാത്രി ഉദ്യോഗസ്ഥൻമാർ വന്ന് കെട്ടിയിട്ട് പോയി. ഇന്നലെ രാവിലെ വീണ്ടും പൊട്ടിവീണ കമ്പിയിൽ തട്ടിയാണ് ഈ രണ്ട് മരണങ്ങളും ഉണ്ടായത്. ഒന്നര മാസത്തിനകം പത്ത് മരണമാണ് ഉണ്ടായിരിക്കുന്നത്. ഞാൻ വെറുതെ പറയുകയല്ല. ട്രാൻസ്ഫോർമർ നന്നാക്കുന്നതിനിടയിൽ സുരേഷ്കുമാർ എന്ന ലൈൻമാൻ മരിച്ചു. കടുത്തുരുത്തി പാലക്കര പുളിച്ചുവീട്ടിൽ കുഞ്ഞുമോൻ, 35 വയസ്സ് കഴിഞ്ഞയാഴ്ച മരിച്ചു. അയാളോടൊപ്പം നടന്നുപോയ സുഹൃത്ത് ഇല്ലിപ്പറമ്പിൽ ഉണ്ണി ഷോക്കേറ്റ് ആശുപത്രിയിൽ കിടക്കുകയാണ്. ജൂലായ് 19-ാം തീയതി വാകത്താനം നാലുന്നാക്കൽ കടുവാക്കുഴി പടിഞ്ഞാറെവീട്ടിൽ അന്ത്രോസ്, 70 വയസ്സ് ഷോക്കേറ്റ് മരിച്ചു. ഇത്രയും വയസ്സായ മനുഷ്യനെക്കൂടി തിന്നണമായിരുന്നോ? സജി, 40 വയസ്സ് ഷോക്കേറ്റ് മരിച്ചു. ഭാര്യ സാറാമ്മയ്ക്കും ബന്ധു പെണ്ണമ്മയ്ക്കും ഷോക്കേറ്റു; അവർ ആശുപത്രിയിൽ കിടക്കുകയാണ്, പുറത്തു വന്നിട്ടില്ല. കളത്തിപ്പടി കെ.എം.സി. ആശുപത്രിക്ക് സമീപം പൊട്ടിക്കിടന്ന സ്റ്റേ കമ്പിയിൽ തട്ടി ഷോക്കേറ്റ് എഴുപതുകാരൻ മരിച്ചു. പള്ളം സബ് സ്റ്റേഷന് സമീപം പതിമൂന്നുകാരൻ പൊട്ടിക്കിടന്ന കമ്പിയിൽ തട്ടി മരിച്ചു. മേലുകാവിൽ തൊഴിൽ ചെയ്തതിനുശേഷം വീട്ടിലേക്കുപോയ തൊടിയിൽ ഏലിയാമ്മ കഴിഞ്ഞ 12-ാം തീയതി ഷോക്കേറ്റ് മരിച്ചു. അതുപോലെ ഇന്നലെ എരുമേലിയിൽ ഷോക്കേറ്റ് മരിച്ചിരിക്കുന്നത് ഹാലിം എന്ന ഒരു ചെറുപ്പക്കാരനാണ്. ഇങ്ങനെ കഴിഞ്ഞ ഒന്നരമാസത്തിനകം കോട്ടയം ജില്ലയിൽ ഷോക്കേറ്റ് മരിച്ചവരുടെ എണ്ണം പത്താണ്. എന്തുപറഞ്ഞാലും നഷ്ടപരിഹാരം കൊടുക്കും എന്നാണ് പറയുന്നത്. 50,000 രൂപ നഷ്ടപരിഹാരം കൊടുത്തതുകൊണ്ട് ജീവന് വിലയാകുമോ? എത്ര

LIBRARY ARCHIVES Kerala Legislative Assembly

കുടുംബങ്ങളാണ് അനാഥമായിരിക്കുന്നത്? എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നതെന്ന് ചർച്ച ചെയ്യാനും അതിന് പരിഹാരമുണ്ടാക്കാനും മന്ത്രിക്ക് ബാദ്ധ്യതയില്ലേ? നമ്മുടെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വിഭജിക്കാനുള്ള നിർദ്ദേശം സമർപ്പിക്കാനായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന അമേരിക്കൻ കമ്പനിയെ കൺസൾട്ടന്റായി നിയമിച്ചതോടുകൂടി നിയമനങ്ങൾപോലും നിരോധിച്ചു. 23 വർഷമായി മെയിന്റനൻസില്ല. കമ്പി മുഴുവൻ പൊട്ടിവീണുകൊണ്ടിരിക്കുകയാണ്. മരണകാരണമെന്താണെന്ന് അറിയണ്ടേ? മന്ത്രി മനസ്സിലാക്കി പ്രവർത്തിക്കണ്ടേ? 5000-ത്തോളം പോസ്റ്റുകൾ അവിടെ വേക്കന്റായി കിടക്കുന്നു. തൊഴിലാളികളെ നിയമിക്കുന്നില്ല. കമ്പി പൊട്ടിയാൽ ലൈൻ നന്നാക്കാനുള്ള നടപടി സ്വീകരിക്കുന്നില്ല. ഇങ്ങനെ മുന്നോട്ടുപോയാൽ എത്ര മരണമുണ്ടാകുമെന്ന് മന്ത്രി കണക്കാക്കണ്ടേ? ഷോക്കേറ്റ് മാത്രം ഒന്നരമാസം കൊണ്ട് 10 മരണമാണുണ്ടായിരിക്കുന്നത്. ഇവിടെ രണ്ട് സബ്മിഷൻ ഞാൻ കേട്ടു. ആ രണ്ടിനും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 50,000 രൂപ നഷ്ടപരിഹാരം കൊടുക്കുമെന്നാണ്. 50,000 രൂപ നഷ്ടപരിഹാരം കൊടുത്താൽ മതിയോ? ലൈൻ നന്നാക്കാനുള്ള നടപടി സ്വീകരിക്കണ്ടേ? എന്തുകൊണ്ടാണ് നാളിതുവരെയായി നടപടി സ്വീകരിക്കാത്തത്? അങ്ങ് വൈദ്യുതി വകുപ്പ് നല്ലവണ്ണം ഭരിക്കുന്നുവെന്ന് പറയുന്നു. ഇങ്ങനെയാണോ ഭരിക്കുന്നത്? ശവംതീനി വകുപ്പായി ഇതിനെ മാറ്റുന്നത് ശരിയാണോ? ആ നിലയിലേക്ക് ഈ വകുപ്പ് മാറിയിരിക്കുന്നു എന്ന് പറയാതിരിക്കാൻ കഴിയില്ല. ഈ കുടുംബങ്ങളെ സംരക്ഷിക്കാൻ നഷ്ടപരിഹാരം കൊടുക്കുന്നതോടൊപ്പം എത്രയും വേഗം ലൈൻ മുഴുവൻ നന്നാക്കാനുള്ള സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെടുകയാണ്.

ശ്രീ. തോമസ് ചാഴികാടൻ: സർ, ഇന്നലെ രണ്ടുപേർ മരിക്കാനിടയായ അപകടം എന്റെ നിയോജകമണ്ഡലമായ ഗാന്ധിനഗറിലാണ് ഉണ്ടായത്. വിധവയായ ഒരു സ്ത്രീ മക്കളെല്ലാവരും വിദേശത്തായതുകാരണം കൂടെ താമസിക്കാനായിട്ട് വന്ന സഹോദരപുത്രനെയും കൂട്ടി വീട്ടിലേക്ക് പോകുമ്പോൾ വൈദ്യുതി കമ്പി തോട്ടിൽ പൊട്ടിക്കിടക്കുന്നതു കാണാതെ കുട്ടി അതിൽ ചവിട്ടി മരിക്കുകയുണ്ടായി. അതുകണ്ട് ഓടിച്ചെന്ന് ഈ കുട്ടിയെ എടുക്കുമ്പോൾ സ്ത്രീക്ക് ഷോക്കേറ്റു. ഇവിടെ നേരത്തെ പൊട്ടിയ കമ്പി കെട്ടിയിരുന്നു. അത് അനാസ്ഥയാണെന്നു ഞാൻ പറയില്ല. ഇക്കാര്യം ഇന്നലെ അറിഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയേയും ഞാൻ വിവരം അറിയിച്ചു. അടിയന്തിരനടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു കാര്യം മാത്രം സൂചിപ്പിക്കട്ടെ: ആ പ്രദേശത്ത് വെള്ളം പൊങ്ങിക്കിടന്നിട്ട് പല സ്ഥലത്തും വൈദ്യുതി ലൈൻ വെള്ളവുമായി ടച്ചു ചെയ്യുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യത്തിൽ പ്രത്യേകമായ നടപടി സ്വീകരിക്കുകയും മരണപ്പെട്ടവരുടെ ആശ്രിതർക്ക് അടിയന്തിരധനസഹായം എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ജോർജ് ജെ. മാത്യു: സർ, ഇന്നലെ വൈകുന്നേരം പമ്പാവാലിക്ക് അടുത്ത് എരുമേലി പഞ്ചായത്തിൽ വൈദ്യുതി ലൈൻ നന്നാക്കുന്നതിനിടയ്ക്ക് രണ്ടുപേർക്ക് ഗുരുതരമായി ഷോക്കേറ്റു. അതിന് കാരണമായി പറയുന്നത് ഇവർ നന്നാക്കിക്കൊണ്ടിരുന്ന ലൈൻ അറിയാതെ മറ്റാരോ ഓൺ ചെയ്തു എന്നാണ്. വൈദ്യുതി ബോർഡിന്റെ ഭാഗത്തുനിന്നുള്ള ജീവനക്കാർ ഓൺ ചെയ്തു. ഒരാളെ ഗുരുതരമായ അവസ്ഥയിൽ കോട്ടയം മെഡിക്കൽകോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഒരാൾ മരിച്ചു പോവുകയും ചെയ്തു. വളരെ ഗുരുതരമായ അവസ്ഥയാണ്. ഈ അനാസ്ഥ പരിഹരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* സർ, ഇവിടെ ബഹുമാനപ്പെട്ട പി. സി. ജോർജും, തോമസ് ചാഴികാടനും, ജോർജ് ജെ. മാത്യുവും പറഞ്ഞ കാര്യങ്ങൾ ശരിയാണ്. ഈ മരണപ്പെട്ട ആളുകളുടെ കുടുംബങ്ങളോട് ഞാൻ ആദ്യമായി അനുശോചനം രേഖപ്പെടുത്തുന്നു. ഇവിടെ ശ്രീ. ജോർജ് ചൂണ്ടിക്കാണിച്ച കാര്യം, യഥാർത്ഥത്തിൽ റൂൾ 50 അനുസരിച്ചുള്ള ഒരു അടിയന്തിര പ്രമേയമായി അവതരിപ്പിക്കണമെങ്കിൽ അതൊരു സിംഗിൾ ഇൻസ്റ്റൻസ് ആവണം, റീസന്റ് ഒക്കറൻസുമാകണം. അദ്ദേഹം എഴുതിത്തന്നത് അതാണ്. ശ്രീ. ജോർജ് എഴുതിത്തന്നത് അതാണ്. എന്നാൽ അതല്ലാന്നു വരുത്താനാണ് ശ്രീ. എം. വി. ജയരാജൻ ശ്രമിക്കുന്നത്. ഞാൻ അതാണ് എന്നു പറയുമ്പോൾ ശ്രീ. ജോർജ് കാര്യങ്ങൾ പറയും, കുറച്ച് ഗൗരവത്തിലാണെന്നുമാത്രം. ശ്രീ. ജോർജിനെ മോശക്കാരനാക്കാൻ ശ്രീ. എം. വി. ജയരാജൻ ശ്രമിച്ചാൽ ഞാൻ സമ്മതിക്കുമോ? ഏതായാലും ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങളൊക്കെ ശരിയാണ്. ശ്രീ. തോമസ് ചാഴികാടൻ ഇന്നലെ വൈകുന്നേരം എന്നെ വിളിച്ച് ഇക്കാര്യങ്ങൾ പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഇന്നലെത്തന്നെ ഞാൻ അന്വേഷണം നടത്തിച്ചു. അതുപോലെ ഇന്നു രാവിലെ ശ്രീ. ജോർജ് ജെ. മാത്യു ഈ കാര്യം എന്നെ വിളിച്ചുപറഞ്ഞു. അതും ഞാൻ അന്വേഷിച്ചു. ശ്രീ. ജോർജിന്റെ നോട്ടീസും ഇന്നു കിട്ടി. ഇതിൽ പറഞ്ഞ കാര്യം ശരിയാണ്. ശ്രീ. ജോർജിന്റെ നോട്ടീസിലും ശ്രീ. തോമസ് ചാഴികാടനും പറഞ്ഞതുപോലെ സൗദാബീവി (48), അവരുടെ സഹോദരന്റെ മകൻ മുഹമ്മദ് ഷാഫി (9) എന്നീ രണ്ടാളുകൾ ഇന്നലെ മരിച്ചു. ഗാന്ധിനഗർ സെക്ഷനിൽ കമ്പിപൊട്ടി വീണു. കാറ്റടിച്ച് മരത്തിൽ ടച്ചിംഗ് വന്നതുകൊണ്ടാണ് അത് പൊട്ടി വീണത്. ആ പൊട്ടി വീണ കമ്പി വെള്ളത്തിൽ കിടക്കുകയായിരുന്നു. ഈ സ്ത്രീയും കുട്ടിയും നടന്നുപോകുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

വെള്ളത്തിന്റെ അടിയിൽ കിടക്കുന്ന ഈ കമ്പി അവർക്ക് കാണാൻ സാധിച്ചില്ല. അതിൽ കുട്ടി ചവിട്ടി കുട്ടിക്ക് ഷോക്കേറ്റയുടനെ ഈ സ്ത്രീയും അവിടെ ഓടിച്ചെന്നു ആ സ്ത്രീക്കും ഷോക്കേറ്റു അങ്ങനെയാണ് ഈ അത്യാഹിതം സംഭവിച്ചത്. ശ്രീ. ജോർജ് പറഞ്ഞ കാര്യം ഞാൻ സമ്മതിക്കുന്നു. അതിൽ കുറച്ച് നെഗ്ലിജൻസുണ്ട്. ഞാൻ അത് സമ്മതിക്കാൻ തയ്യാറാണ്. അതുകൊണ്ട് ആ ഓവർസീയറേയും ആ ലൈൻമാനെയും ഇന്നലെത്തന്നെ സസ്പെൻഡ് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ടച്ചിംഗ് അവർ നേരത്തെ നോക്കേണ്ടതായിരുന്നു. അത് നോക്കാത്ത ഒരു അപാകത ഇതിനകത്തുണ്ട് എന്നത് വസ്തുതയാണ്. സത്യം സമ്മതിക്കുന്നതിൽ എനിക്ക് യാതൊരു മടിയുമില്ല. അതിന്റെ ഫലമായിട്ടാണ് മരണം സംഭവിച്ചത്. ശ്രീ. ചാഴികാടനും ഇന്നലെത്തന്നെ എന്നോട് പറഞ്ഞു ഇങ്ങനെയാണ് സംഭവിച്ചത് എന്ന്. അതുകൊണ്ടാണ് ഞാൻ അത് അന്വേഷിക്കാൻ കാരണമായത്; അവരെ സസ്പെൻഡ് ചെയ്യാൻ വേണ്ടി നിർദ്ദേശം നൽകിക്കഴിഞ്ഞു. അതുകൊണ്ട് ഇതിൽ സംഭവിച്ച കാര്യം, ടച്ചിംഗ് വരുമ്പോഴാണ് ഈ സ്പാർക്കിംഗ് വരുന്നത്. ആ സ്പാർക്കിംഗിന്റെ ഫലമായി അവിടെ കമ്പി മുറിഞ്ഞുവീഴുകയാണ് ചെയ്യുന്നത്. എല്ലാ സ്ഥലത്തും ഇതാണു കാരണമെന്ന് ഞാൻ പറയുന്നില്ല. എന്നാൽ ടച്ചിംഗ് വരുന്ന പല സ്ഥലത്തും നമ്മുടെ ലൈൻമാൻമാരും വർക്കേഴ്സും മരച്ചില്ലകൾ വെട്ടിമാറ്റാൻ ചെല്ലുമ്പോൾ അവർ resistance ഏൽക്കേണ്ടിവരുന്നു. അവിടെ നിന്നുള്ള എതിർപ്പുകൾ ധാരാളം ഉണ്ടാകുന്നുണ്ട്. അതൊരു വസ്തുതയാണ്. കൊമ്പുകളും മരങ്ങളും പ്രത്യേകിച്ച് തെങ്ങ് അതുപോലെ റബ്ബർ മരം ഇതൊക്കെ മുറിക്കേണ്ടത് ആവശ്യമാണ്. അത് ഒരു കൊല്ലത്തിൽ മൂന്നു പ്രാവശ്യം ചെയ്യണം. അത് മുറിക്കാൻ ചെല്ലുമ്പോൾ അവരെ റെസിസ്റ്റ് ചെയ്യും. ഈ ജീവനക്കാരെ ആക്രമിച്ച സംഭവങ്ങളും ഉണ്ടെന്നുള്ള കാര്യം ഞാൻ പറയുകയാണ്. അതുകൊണ്ട് ഞാനത് ന്യായീകരിക്കുകയല്ല അത് ഉണ്ടെന്നുള്ളത് വസ്തുതയാണ്. എന്റെ അഭിപ്രായത്തിൽ അങ്ങനെ റെസിസ്റ്റൻസ് വന്നാൽ പോലീസിനെ ഉപയോഗിച്ചെങ്കിലും അത് മുറിച്ചു മാറ്റിയെ മതിയാവു എന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. അതേ അവസരത്തിൽ ഇവിടെ പറഞ്ഞത് ഒരു നടപടിയും കൈക്കൊള്ളുന്നില്ലെന്നാണ്. ഈ പറഞ്ഞത് ശരിയല്ല. എല്ലാ സെക്ഷനുകളിലും ഇപ്പോൾ വാഹനം ഏർപ്പാട് ചെയ്തിട്ടുണ്ട്. ഉടനുടൻ പോയി നോക്കാൻ എല്ലാ സെക്ഷനുകളിലും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവിടെ 600 ഓളം സെക്ഷനുകളുണ്ട്. അവിടെയെല്ലാം ജീപ്പ് ഏർപ്പാട് ചെയ്തിരിക്കുന്നു. എന്നു മാത്രമല്ല വലിയ സെക്ഷൻസ് ഇപ്പോൾ ബൈഫർക്കേറ്റ് ചെയ്തു. 42 സെക്ഷൻസ് ഈ കഴിഞ്ഞ മാസം പുതിയതായി സാങ്ഷൻ ചെയ്തു. ഇത്രയധികം സെക്ഷൻസ് പുതിയതായി സാങ്ഷൻ ചെയ്ത ഒരു വർഷവും കേരളത്തിൽ ഉണ്ടായിട്ടില്ല. അതിന്റെ ഫലം എന്താണെന്നു ചോദിച്ചാൽ ഓരോ സെക്ഷനിലും ആറ് വർക്കേഴ്സ് കൂടുതൽ വരുകയാണ്. വർക്കേഴ്സിന്റെ ഷോർട്ടേജ്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പറഞ്ഞു. ഗാന്ധി നഗർ സെക്ഷനിൽ ഒരു വർക്കറുടെ ഒഴിവുണ്ട്. അവിടെ വർക്കറുടെ പി.എസ്.സി. ലിസ്റ്റുണ്ട്. പി.എസ്.സി. ലിസ്റ്റിൽ നിന്നു എടുത്ത് നിയമനം നടത്തിക്കഴിഞ്ഞു. അദ്ദേഹം ചാർജ് എടുത്തിട്ടില്ല എന്നു മാത്രമേയുള്ളു. ഒരു വർക്കറുടെ ഒഴിവാണുള്ളത്. ആ ഒഴിവ് നികത്തിക്കഴിഞ്ഞു. അദ്ദേഹം ഇന്നോ നാളെയോ ചാർജ് എടുക്കും. ഇത് കൂടാതെ വേറെ ഒരു കാര്യം ഇതിനോടനുബന്ധിച്ച് എനിക്ക് പറയാനുള്ളത് ഇപ്പോൾ കണക്ഷൻ കൊടുക്കുന്ന വീടുകളിൽ എ.സി.എസ്.ആർ. എന്ന സ്റ്റീൽ റീ-ഇൻഫോഴ്സ് ചെയ്ത കമ്പികൾ വയ്ക്കുകയാണ് ചെയ്യുന്നത്. അത് വച്ചുകൊണ്ടാണ് പുതിയ കണക്ഷനെല്ലാം നൽകുന്നത്. ഇങ്ങനെ സ്റ്റീൽ റീ-ഇൻഫോഴ്സ് ചെയ്ത കമ്പികൾ ഉപയോഗിച്ച് കണക്ഷൻ നൽകുമ്പോൾ അവ മുറിയാനും ഷോക്ക് ഏൽക്കാനുമുള്ള സാധ്യത വളരെ കുറവാണ്. അത് എല്ലാസ്ഥലത്തും ഇൻട്രൊഡ്യൂസ് ചെയ്യാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് ചെയ്തുകൊണ്ടിരിക്കുകയാണ്. അതേ അവസരത്തിൽ ഒരു കാര്യം കൂടി ഞാൻ പറയുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട ജോർജ് ഇവിടെ ചൂണ്ടിക്കാണിച്ചു ഞാൻ കൊലയാളിയാണെന്ന്. ഞാൻ അതിനൊന്നും മറുപടി പറയുന്നില്ല. അക്കാര്യത്തിൽ ഞാനും ശ്രീ. ജോർജും പലപ്രാവശ്യവും മറ്റ് പല പേരുകളും കേട്ടിട്ടുണ്ട് എന്നു മാത്രമെ ഞാൻ പറയുന്നുള്ളു. ഏതായാലും ഞാൻ ഒരു കൊലയാളി മന്ത്രിയായി വന്നുവെന്നാണ് പറഞ്ഞത്. ഞാൻ സ്റ്റാറ്റിസ്റ്റിക്സ് പറയാം. 31-12-2000-ൽ ഇവിടെ മരണപ്പെട്ടത് 125 പേരാണ്. 63 പേർക്ക് പരിക്കുപറ്റി. 2001-ൽ 153 പേർ മരിച്ചു. 51 പേർക്ക് പരിക്കുപറ്റി.

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജ് അത്ര സീരിയസ്സായി പറഞ്ഞതൊന്നുമല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഈ വർഷം എട്ടുമാസമേ ആയിട്ടുള്ളൂ. ഇതുവരെ മരിച്ചത് 54 പേരാണ്. പരിക്കേറ്റത് 24 പേർക്കാണ്.....(ബഹളം)..... എത്രയോ കുറവാണ്. എന്നാലും ശരിയാണെന്ന് ഞാൻ പറയുന്നില്ല. ..... (ബഹളം) ..... കോട്ടയം ജില്ല ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ കണക്കാണ് ഞാൻ പറയുന്നത്. ..... (ബഹളം) ..... മരണ നിരക്ക് കുറയുന്നു എന്ന് സ്റ്റാറ്റിസ്റ്റിക്സ് വച്ച് ഞാൻ സൂചിപ്പിക്കുകയാണ്. എന്നാലും 54 മരണം ഇവിടെ സംഭവിച്ചതിൽ ഞാൻ അങ്ങേയറ്റം ഖേദിക്കുന്നു. അതുപോലും ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. 2000-2001-ൽ 153 എന്നുള്ളത് ഇപ്പോൾ 54 ആയി കുറഞ്ഞു എന്ന് ഈ സഭയെ അറിയിക്കാനേ ഞാൻ ഉദ്ദേശിച്ചുള്ളൂ. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ഉടൻ തന്നെ 50,000 രൂപ വീതം നൽകാനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. കോട്ടയം ചങ്ങനാശ്ശേരിയിലെ മരണത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ആ സന്ദർഭത്തിൽ തന്നെ ശ്രീ. വി. ഐ. ചെറിയാൻ എന്ന ആളിനെ ഇത് എങ്ങനെ തടയാൻ സാധിക്കും എന്നുള്ളതിനെക്കുറിച്ച് പഠിച്ച്

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് നൽകാനായി നിയോഗിച്ചുകഴിഞ്ഞു. അദ്ദേഹം അതിനുവേണ്ടിയുള്ള പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. മരണമുണ്ടാകുന്നതിനെ ഞാൻ ഒരിക്കലും അംഗീകരിക്കുന്നില്ല. ഇവിടെ മെമ്പർ ഉന്നയിച്ച വികാരം ഞാൻ പൂർണ്ണമായും ഉൾക്കൊള്ളുന്നു. ഇത് പരമാവധി ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ ബോർഡും ഗവൺമെന്റും നടത്തിവരികയാണ്.

മി. സ്പീക്കർ: ഇനി സബ്മിഷൻ വളരെയധികമുണ്ട്. എല്ലാവരും സഹകരിക്കണം. ആറെണ്ണത്തിനുപകരം 20 എണ്ണമാണ് തന്നിരിക്കുന്നത്. എല്ലാവരും സഹകരിച്ചില്ലെങ്കിൽ കാര്യം നടക്കുകയില്ല.

(3) വിവിധ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യണമെന്ന ആവശ്യം

ശ്രീ. എൻ. രാജൻ: സർ, കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക തീർത്ത് വിതരണം ചെയ്യുക, പെൻഷൻ വിതരണം സ്റ്റാറ്റ്യൂട്ടറി ആക്കുക, ക്ഷേമനിധി ബോർഡിൽനിന്നും നൽകുന്ന ആനുകൂല്യങ്ങൾ വിതരണംചെയ്യുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സി.പി.ഐ. (എം) ഇന്ന് സെക്രട്ടേറിയറ്റ് മാർച്ച് നടത്തുകയാണ്. 27 മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശികയാണ്. കർഷകത്തൊഴിലാളി പെൻഷൻ ഒഴികെയുള്ള എല്ലാ പെൻഷനുകളും 1-ാം തീയതി വിതരണം ചെയ്യുമെന്ന് കഴിഞ്ഞ നിയമസഭയിൽ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചിരുന്നു. മാറ്റിവയ്ക്കപ്പെടുന്ന ആനുകൂല്യമായി കണക്കാക്കാതെ എല്ലാമാസവും കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. അതിവർഷ ആനുകൂല്യമായി 60 കോടി രൂപ കൊടുക്കാനുണ്ട്. വിവാഹ ധനസഹായം 10 കോടി രൂപ വിതരണം ചെയ്യാനുണ്ട്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് ബഡ്ജറ്റ്വഴി കൊടുത്ത 5 കോടി രൂപയും ഈ നാലുകൊല്ലക്കാലം ക്ഷേമനിധി ബോർഡിൽനിന്നും, പാവപ്പെട്ട തൊഴിലാളികളിൽനിന്നും പിരിച്ച 5 കോടി രൂപയും മാത്രമാണ് ഇതിൽനിന്ന് ആനുകൂല്യം കൊടുത്തത്. അതിന്റെ ബാക്കിപത്രമെന്താണ്?

മി. സ്പീക്കർ: പ്ലീസ്, ശ്രീ. എൻ. രാജൻ ..... ഇനി സബ്മിഷൻ വളരെ സ്ട്രിക്ട് ആക്കേണ്ടിവരും. പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എൻ. രാജൻ: കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ കുടിശ്ശിക ഉൾപ്പെടെ അംശദായം അടയ്ക്കുന്നതിനുള്ള അവസരംകൂടി കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly